**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4491** **01-07-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള കെ. എസ്. ഇ. ബി. സെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള കെ.എസ്.ഇ.ബി. സെക്ഷൻ പരിധിയിൽ എത്ര ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 1. ഗാർഹിക ഉപഭോക്താക്കൾ - 17108 എണ്ണം<br>2. ഗാർഹികേതര ഉപഭോക്താക്കൾ - 8126 എണ്ണം<br>ആകെ 25234 എണ്ണം ഉപഭോക്താക്കൾ |
| (ബി) | പ്രസ്തുത സെക്ഷൻ പരിധിയിൽ പ്രതിവർഷം ശരാശരി എത്ര ഉപഭോക്താക്കളുടെ വർദ്ധനവാണുണ്ടാകുന്നതെന്ന് അറിയിക്കാമോ; | (ബി) | ശരാശി മൂന്ന് ശതമാനം (3%) ഉപഭോക്താക്കളുടെ വർദ്ധനവ് ആണ് കണക്കാക്കുന്നത്. |
| (സി) | പ്രസ്തുത സെക്ഷൻ ഓഫീസിലെ നിലവിലെ തസ്തികകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇലക്ട്രിക്കൽ സെക്ഷൻ ഉപ്പളയിലെ നിലവിലെ തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>Assistant Engineer (Ele) – 1 No<br>Sub Engineer (Ele) – 3 Nos<br>Senior Superintendent – 1 No.<br>Cashier – 1 No.<br>Overseer (Ele) – 5 Nos.<br>Lineman – 12 Nos.<br>Ele Worker – 3 Nos.<br>സാങ്കേതിക വിദ്യയിലും പ്രസരണ വിതരണ വിഭാഗങ്ങളിൽ വന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റ് വിതരണ കമ്പനികളുമായി താരതമ്യം ചെയ്തും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് ഊർജ്ജ വകുപ്പിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി ഒരു കമ്മിറ്റി |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുകയും കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ റീ-സ്ട്രക്ചറിംഗ് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഒഴിവുകൾ തിട്ടപ്പെടുത്തുന്ന മുറയ്ക്ക് അവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| (ഡി) | പ്രസ്തുത സെക്ഷൻ വിഭജിച്ച് ബന്ത്യോട് കേന്ദ്രമായി പുതിയ സെക്ഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര |

| | | | |
|---|---|---|---|
| | | | സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 എന്ന ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>ആയതിനാൽ സെക്ഷൻ ഓഫീസ് വിഭജനം നിലവിൽ പരിഗണയിലില്ല. |

സെക്ഷൻ ഓഫീസർ